# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: അനുപമ T V, IAS)

തിരുവനന്തപുരം

ഉത്തരവ് നം . F2-19499/16 തീയതി : 21/03/2017

===================== =====================

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ആഫ്റ്റർ കെയർ ഹോം (ഗേൾസ്) – കൊല്ലം – ഫർണിച്ചറുകൾ, അടുക്കള പാത്രങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. കൊല്ലം ആഫ്റ്റർ കെയർ ഹോം സൂപ്രണ്ടിന്റെ 22/05/2016, 26/09/2016 തീയതികളിലെ ACH/K/196/16 നം കത്ത്.
2. സിഡ്കോ സെയിൽസ് എംപോറിയത്തിൽ നിന്നുള്ള 22/09/2016 തീയതിയിലെ 67,68,70,71,72,73,74 -)ാം നമ്പരായുള്ള ഇൻവോയിസുകൾ.
3. സർക്കാർ ഉത്തരവ് (സാധാ) നം. 322/2016 സാ.നീ.വ തീയതി 16/07/2016
4. സർക്കാർ കത്ത് നമ്പർ സി3/13/2017 തീയതി 17/03/2017 സാമൂഹ്യനീതി വകുപ്പ് (സി) സെക്ഷൻ
5. G.O (MS) 1/2016/SPO തീയതി 8/12/2016

കൊല്ലം ആഫ്റ്റർ കെയർ ഹോമിലേയ്ക്ക് ഫർണിച്ചറുകളും, അടുക്കള പാത്രങ്ങളും, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടി സ്ഥാപന സൂപ്രണ്ട് സിഡ്കോയിൽ നിന്നും ലഭ്യമായ ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി അംഗീകാരത്തിനായി പരാമർശം ഒന്ന് (23/05/2016 തീയതിയിലെ) പ്രകാരം സമർപ്പിച്ചിരുന്നു. അപ്രകാരം ലഭ്യമായ പ്രൊപ്പോസൽ സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുകയും തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം പരാമർശം മൂന്ന് പ്രകാരം 19,20,979/- രൂപയുടെ (പത്തൊൻപത് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി എഴുപത്തി ഒൻപത് രൂപ മാത്രം) പ്രൊപ്പോസൽ അംഗീകരിച്ച കൊണ്ട് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം ലഭ്യമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻവോയിസ് പ്രകാരമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്ഥാപന സൂപ്രണ്ട് സ്വീകരിച്ചെങ്കിലും പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നത് 2015-16 സാമ്പത്തിക വർഷം സിഡ്കോയിൽ നിന്നും ലഭിച്ച ഇൻവോയിസിന്റെ അടിസ്ഥാനത്തിലായിരുന്നു. സാമ്പത്തിക വർഷം കഴിഞ്ഞുപോയ സാഹചര്യത്തിൽ പാത്രങ്ങളുടെയും, ഫർണിച്ചറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെ വിലയിൽ വ്യത്യാസം ഉണ്ടാവുകയും ചെയ്യിരുന്നു. മാത്രമല്ല തയ്യാറാക്കിയ പ്രൊപ്പോസലിൽ സെയിൽ ടാക്സ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കയറ്റിറക്ക കൂലി എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല. ഇരു കാരണം ബന്ധപ്പെട്ട സിഡ്കോ അധികൃതർ മേൽ പരിമർശിച്ച സാധന സാമഗ്രികൾ വിതരണം ചെയ്യുവാൻ തയ്യാറായിരുന്നില്ല. തുടർന്ന് പുതുക്കിയ ഇൻവോയിസ് പരാമർശം ഒന്ന് പ്രകാരം (26/09/2016 തീയതി) സൂപ്രണ്ട് സമർപ്പിയ്ക്കുകയും തുടർന്ന് പുതുക്കിയ ഭരണാനുമതിയ്ക്കായി സർക്കാരിനോട് ആവശ്യപ്പെടുകയും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും തുടർന്ന് പരാമർശം മൂന്ന് പ്രകാരം ലഭ്യമായ ഭരണാനുമതി നൽകിയ തുകയായ 19,20,979/- രൂപയിൽ അധികരിയ്ക്കാത്ത വിധം അടുക്കള പാത്രങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിന് പരാമർശം നാല് പ്രകാരം അനുമതി നൽകുകയും ചെയ്യിരുന്നു.

Dh

ഈ സാഹചര്യത്തിൽ പരാമർശ അഞ്ചിലെ ഉത്തരവ് പ്രകാരം 50% സാധന തുകയെങ്കിലും സിഡ്കോയുടെ വർക്ക്ഷോപ്പിൽ നിർമ്മിച്ചതോ/അസംബിൾഡോ ആയിരിക്കണം അല്ലാത്ത പക്ഷം ഓപ്പൺ ടെന്റർ നടപടി ക്രമങ്ങൾ പാലിയ്ക്കേണ്ടതാണ്. ആകെ തുകയുടെ 50% തുകയായ 9,58,291/- രൂപയുടെ സാധനങ്ങളെങ്കിലും സിഡ്കോ നിർമ്മിതമാണെന്ന സർട്ടിഫിക്കറ്റ് സിഡ്കോയുടെ പക്കൽ നിന്നും വാങ്ങണമെന്ന ഉപാധിയോടുകൂടി പരാമർശം 3 ലെ ഉത്തരവും പരാമർശം 4 ലെ സർക്കാർ അനുമതിയുടേയും അടിസ്ഥാനത്തിൽ സിഡ്കോ സമർപ്പിച്ച പരാമർശം രണ്ട് പ്രകാരമുള്ള 19,16,581/- രൂപയുടെ (പത്തൊൻപത് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്ന് രൂപയുടെ ) ഇൻവോയിസ് അംഗീകരിച്ചു കൊണ്ട് ഫണ്ട് അനുവദിച്ചു കൊണ്ടും ഇപ്രകാരം അംഗീകരിച്ച ഇൻവോയിസ് പ്രകാരം സിഡ്കോയിൽ നിന്നും സാധന സാമഗ്രികൾ വാങ്ങുന്നതിനും നിലവിലുള്ള നടപടിക്രമങ്ങൾ പ്രകാരം സാധനങ്ങളുടെ വില സിഡ്കോയ്ക്ക് യഥാസമയം മാറി നൽകുന്നതിനും കൊല്ലം ആഫ്റ്റർ കെയർ ഹോം ഗേൾസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്ക് ആവശ്യമായ 19,16,581/- രൂപ (പത്തൊൻപത് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്ന് രൂപ) മാത്രം നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-92(P) ശീർഷകത്തിൽ നിന്നും വഹിയ്ക്കേണ്ടതാണ്.

സിഡ്കോയിൽ നിന്നും സാധന സാമഗ്രികൾ വാങ്ങിയ ശേഷം അവ സ്റ്റോക്കിൽ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതും പരിശോധനാ വിധേയമാക്കേണ്ടതുമാണ്. തുക ചിലവഴിച്ച ശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റും ചിലവ് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എന്നിവ യഥാസമയം ഹാജരാക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

സൂപ്രണ്ട്,
ആഫ്റ്റർ കെയർഹോം, കൊല്ലം

പകർപ്പ്:

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ, കൊല്ലം
2. സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിയ്ക്കുന്നതിലേയ്ക്കായി)
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Dh